LIBRARY ARCHIVES Kerala Legislative Assembly

ജലവിതരണ പദ്ധതികൾ

184 (873) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണ പദ്ധതികളിലെ 30 വർഷത്തിലേറെ കാലപ്പഴക്കം വന്ന പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവച്ചതെന്നും പ്രസ്തുത വർഷം ഇതിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) തുടർന്നുള്ള ഓരോ ബഡ്ജറ്റുകളിലും ഇതിനായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര തുക വീതം വകയിരുത്തിയിരുന്നെന്നും ഓരോ വർഷവും എത്ര തുക വീതം ചെലവഴിക്കപ്പെട്ടുവെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) ജലവിതരണ പദ്ധതികളിലെ 30 വർഷത്തിലേറെ കാലപ്പഴക്കം വന്ന പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി 2012-13 ബജറ്റിൽ 8500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 7500 ലക്ഷം രൂപ അനുവദിച്ചു. മുൻവർഷത്തെ നീക്കിയിരിപ്പ് ഉൾപ്പെടെ 8600.570 ലക്ഷം രൂപ പ്രസ്തുത വർഷം ചെലവഴിച്ചു.

(ബി) തുടർന്നുള്ള ഓരോ ബഡ്ജറ്റിലും തുക വകയിരുത്തിയിരുന്നു. ഓരോ വർഷവും ബഡ്ജറ്റിൽ വകകൊള്ളിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം താഴെപ്പറയുന്നു:

നമ്പർ	വർഷം	ബജറ്റ് വിഹിതം (ലക്ഷത്തിൽ)	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1	2013-14	9000	8000	7038.66
2.	2014-15	9500	6200	9783.66
3	2015-16	9500	4900	6620.44 (ഒക്ടോബർ മാസം വരെ)

(സി) പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക പുരോഗതി ഉത്തരം ബി.-യിൽ നൽകിയിരിക്കുന്നു. പ്രവർത്തന പുരോഗതി സംബന്ധിക്കുന്ന വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.